# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2655

12.02.2019-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണമേന്മ പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശാലയിൽ പാൽ പരിശോധനാ ചെക്ക് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ ചെക്ക്പോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാരം, അമ്ലത, മായം എന്ന ഗണത്തിൽപ്പെടുന്ന പദാർത്ഥങ്ങൾ എന്നിവ കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും, പരിശോധനയിൽ മായം കലർത്തിയതായി കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) പാൽ പരിശോധനയ്ക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും അന്യസംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന പാൽ കൊണ്ടുവന്ന് വിതരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാനത്തെ പ്രധാനപ്പെട്ട രണ്ട് അതിർത്തി ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം, ആര്യങ്കാവ് എന്നിവിടങ്ങൾ വഴി കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് മാത്രമേ നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളൂ. പാറശ്ശാല ചെക്ക്പോസ്റ്റിൽ പാൽ പരിശോധനാ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. ഗുണനിലവാരം കുറവായതും മായം കലർത്തിയതു-മായ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | |
|---|---|---|
| (സി) | പരിശോധനകൾ കൂടുതൽ കർശനമാക്കി മായം കലരാത്ത പാൽ വിതരണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) മായം കലരാത്ത പാൽ വിതരണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസ് മുഖേനയും ബ്ലോക്ക് തലത്തിലുള്ള ക്ഷീര വികസന ആഫീസ് മുഖേനയും പ്രധാനമായും ക്ഷീരസഹകരണ സംഘങ്ങളിലെ പാലിന്റെ ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കി വരുന്നു. മായം കലർന്ന പാൽ കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷ നിയമ പ്രകാരം നിയമപരമായ നടപടി ഭക്ഷ്യസുരക്ഷ വകുപ്പാണ് സ്വീകരിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**